# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 347 25.06.2013ലെ മറുപടിയ്ക്ക്

## നികുതി വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

**ചോദ്യം**

ശ്രീ. എം.വി.ശ്രേയാംസ് കുമാർ
ശ്രീ.റോഷി അഗസ്റ്റിൻ
ശ്രീ.പി.സി.ജോർജ്
ഡോ.എൻ.ജയരാജ്

എ) ഈ ഗവൺമെന്റ് അധികാരമേറ്റ ശേഷം നികുതി വകുപ്പിന്റെ പ്രവർത്തനം സുഗമവും കാര്യക്ഷമവുമാക്കാൻ കൈക്കൊണ്ടിട്ടുളള നടപടികൾ എന്തെല്ലാമാണ്;

**മറുപടി**

ശ്രീ.കെ.എം.മാണി
(ധനകാര്യവും, നിയമവും, ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

എ) ഈ സർക്കാർ അധികാരമേറ്റ ശേഷം നികുതി വകുപ്പിന്റെ പ്രവർത്തനം സുഗമവും കാര്യക്ഷമവുമാക്കാൻ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

സംസ്ഥാനത്തിന്റെ വിവിധ തരം നികുതികളുടെ പിരിവിനെ സംബന്ധിച്ച നടപടികൾ മോണിറ്റർ ചെയ്യുന്നതിനും വിഭവ സമാഹരണം കാര്യക്ഷമമാക്കുന്നതിനും ധനകാര്യ മന്ത്രി ചെയർമാനായ നികുതി മേൽനോട്ട സമിതി രൂപീകരിച്ചിട്ടുണ്ട്. വിവിധയിനം നികുതി പിരിവ് അവലോകനം ചെയ്യുന്നതിനും, വിവിധ നിയമങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനെപ്പറ്റി സർക്കാരിനെ ഉപദേശിക്കുന്നതിനും ഉൽപ്പന്ന സേവന നികുതി

നടപ്പാക്കുന്നതിലേയ്ക്ക് മുൻകൂട്ടി എടുക്കേണ്ട തയ്യാറെടുപ്പുകളും ഈ സമിതിയുടെ അധികാര പരിധിയിൽ ഉൾപ്പെടുന്നവയാണ്. കമ്പോളത്തിൽ ക്രയവിക്രയം ചെയ്യുന്ന എല്ലാ സാധനങ്ങളുടെയും വിൽപ്പനക്കണ്ണിയിൽ ഈടാക്കുന്ന വിലനിലവാരം സംബന്ധിച്ചുള്ള വിവര ശേഖരം ഉണ്ടാക്കാനായി വില നിരീക്ഷണ സമിതിയും രൂപവൽക്കരിച്ചിട്ടുണ്ട്. ഇതു കൂടാതെ സംസ്ഥാനത്തിന്റെ വിഭവ സമാഹരണപ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതോടൊപ്പം വ്യാപാര വ്യവസായ വാണിജ്യ മേഖലയിൽ ഉയർന്നു വരുന്ന നികുതി സംബന്ധമായ പ്രശ്നങ്ങളും നികുതിദായകരുടെ പരാതികളും പരിഹരിക്കുന്നതിന് വ്യാപാര വ്യവസായ വാണിജ്യ പ്രശ്ന പരിഹാര ബ്യൂറോയും രൂപീകരിച്ചിട്ടുണ്ട്. ഇതിൽ വ്യാപാരി വ്യവസായികളുടെ പ്രതിനിധികളും ഉൾപ്പെട്ടതിനാൽ കാര്യങ്ങൾ ചർച്ച ചെയ്ത് താമസം വിനാ തീരുമാനങ്ങളെടുക്കാൻ സാധിക്കുന്നു. കൂടാതെ നികുതിദായകരുടെയും വ്യാപാരി വ്യവസായികളുടെ പരാതികൾ അവലോകനം ചെയ്യാനും സമയബന്ധിതമായി പരിഹാരം

കാണുന്നതിനും ധനകാര്യ മന്ത്രിയുടെ വെബ്സൈറ്റും, കോൾ സെന്ററും ഇന്ന് പ്രവർത്തനക്ഷമമാണ്. വീഡിയോ കോൺഫറൻസിംഗ് സമ്പ്രദായവും നടപ്പിലാക്കി.

നികുതി നിർണ്ണയം കാര്യക്ഷമമാക്കുന്നതിന് റിട്ടേൺ സ്ക്രൂട്ടിനിക്ക് നികുതി നിർണ്ണയാധികാരിയുടെ സർട്ടിഫിക്കേഷൻ നിർബന്ധമാക്കുകയും, ഓവർചെക്ക് സംവിധാനം നടപ്പിലാക്കുകയും ചെയ്തു. സ്ക്രൂട്ടിനിയും അസസ്മെന്റും ഉത്തരവാദിത്വത്തോടുകൂടിയും കാര്യക്ഷമമായും നടത്തുന്നുവെന്ന് ഉറപ്പു വരുത്തുവാൻ ഈ നടപടികൾ സഹായിക്കുന്നു. കൂടുതൽ വ്യാപാരികളെ നികുതി നിർണ്ണയ പരിധിയിൽ ഉൾപ്പെടുത്തുന്നതിനായി 2011-12ൽ ഊർജ്ജിത രജിസ്ട്രേഷൻ യജ്ഞം നടത്തി നികുതി ബാദ്ധ്യത ഉള്ളവരെ കണ്ടെത്തുകയുണ്ടായി. 9091 പേർ ഇതിൻ പ്രകാരം രജിസ്ട്രേഷൻ എടുക്കുകയും ചെയ്തിട്ടുണ്ട്. വാറ്റ് രജിസ്ട്രേഷൻ എടുക്കാൻ ബാദ്ധ്യതയുള്ളവർ സ്വമേധയാ രജിസ്ട്രേഷൻ എടുക്കുന്നതിനായി 'പുതുതായി രജിസ്റ്റർ

ചെയ്യപ്പെടുന്നവർക്കുള്ള ഒറ്റത്തവണ പ്രോൽസാഹനം' എന്ന പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. ഏപ്രിൽ 1, 2013 മുതൽ സെപ്റ്റംബർ 30, 2013 വരെയാണ് ഈ പദ്ധതിയുടെ കാലാവധി. ചെക്ക്പോസ്റ്റുകൾ വഴിയുള്ള ചരക്ക്നീക്കം സംബന്ധിച്ച കാര്യങ്ങൾ കാര്യക്ഷമമായി പരിശോധിക്കുന്നതിനും വിശകലനം നടത്തുന്നതിനും വേണ്ടി സംയോജിത ചെക്ക്പോസ്റ്റുകൾ സ്ഥാപിക്കാനുള്ള നടപടികളും പുരോഗമിച്ചു വരുന്നു. അമരവിളയിൽ ഈ സമ്പ്രദായത്തിന് തുടക്കം കുറിച്ചുകഴിഞ്ഞു. തിരുവനന്തപുരം റെയിൽവേ സ്റ്റേഷനിലും വല്ലാർപാടത്തും ഫെസിലിറ്റേഷൻ സെന്റർ തുടങ്ങിക്കഴിഞ്ഞു.

വകുപ്പിൽ നികുതി ഭരണവൽക്കരണം പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്. ഓൺലൈൻ വഴി വാറ്റ് രജിസ്ട്രേഷനെടുക്കുന്നതിനും റിട്ടേൺ ഫയൽ ചെയ്യുന്നതിനും നികുതി അടയ്ക്കുന്നതിനുമുള്ള സംവിധാനം നിലവിലുണ്ട്. ഫാറങ്ങൾ ഓൺലൈൻ വഴി ഡൗൺലോഡ് ചെയ്യാനുള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. റിട്ടേണുകൾ, മറ്റ് നിയമപരമായ

ചെയ്യപ്പെടുന്നവർക്കുള്ള ഒറ്റത്തവണ പ്രോൽസാഹനം' എന്ന പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. ഏപ്രിൽ 1, 2013 മുതൽ സെപ്റ്റംബർ 30, 2013 വരെയാണ് ഈ പദ്ധതിയുടെ കാലാവധി. ചെക്ക്പോസ്റ്റുകൾ വഴിയുള്ള ചരക്ക്നീക്കം സംബന്ധിച്ച കാര്യങ്ങൾ കാര്യക്ഷമമായി പരിശോധിക്കുന്നതിനും വിശകലനം നടത്തുന്നതിനും വേണ്ടി സംയോജിത ചെക്ക്പോസ്റ്റുകൾ സ്ഥാപിക്കാനുള്ള നടപടികളും പുരോഗമിച്ചു വരുന്നു. അമരവിളയിൽ ഈ സമ്പ്രദായത്തിന് തുടക്കം കുറിച്ചുകഴിഞ്ഞു. തിരുവനന്തപുരം റെയിൽവേ സ്റ്റേഷനിലും വല്ലാർപാടത്തും ഫെസിലിറ്റേഷൻ സെന്റർ തുടങ്ങിക്കഴിഞ്ഞു.

വകുപ്പിൽ നികുതി ഭരണവൽക്കരണം പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്. ഓൺലൈൻ വഴി വാറ്റ് രജിസ്ട്രേഷനെടുക്കുന്നതിനും റിട്ടേൺ ഫയൽ ചെയ്യുന്നതിനും നികുതി അടയ്ക്കുന്നതിനുമുള്ള സംവിധാനം നിലവിലുണ്ട്. ഫാറങ്ങൾ ഓൺലൈൻ വഴി ഡൗൺലോഡ് ചെയ്യാനുള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. റിട്ടേണുകൾ, മറ്റ് നിയമപരമായ

ഫോമുകൾ എന്നിവ ഡിജിറ്റൽ സിഗ്നേച്ചർ ഉപയോഗിച്ച് സാക്ഷ്യപ്പെടുത്തി ഓൺലൈനായി സമർപ്പിക്കുവാനുള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ അതിർത്തി ചെക്ക്പോസ്റ്റിലൂടെ സംസ്ഥാനത്തിലേക്ക് കടന്നുവരികയും പോവുകയും ചെയ്യുന്ന ചരക്കുകളുടെതത്സമയ സഞ്ചാരപഥം, TIN/ PIN ഡീലർമാരുടെ മൊബൈൽ ഫോണിൽ Alert Message SMS ആയി ലഭിക്കുന്ന വിധത്തിലുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ചെക്ക്പോസ്റ്റ്, തുറമുഖം, എയർപോർട്ട്, റെയിൽവേസ്റ്റേഷൻ എന്നിവിടങ്ങളിൽ എത്തുന്ന ചരക്കുകൾ കമ്പ്യൂട്ടർ മുഖാന്തിരം ഡിക്ളയർ ചെയ്യുവാൻ വ്യാപാരികൾക്ക് സൗകര്യമൊരുക്കി. ഇതുമൂലം സമയ നഷ്ടവും വ്യാജമായ ചരക്ക് കടത്തലും ഒഴിവായി. നടപടികൾ കൂടുതൽ സുതാര്യമാവുകയും ചെയ്തു. മൂല്യ വർദ്ധിത നികുതിയ്ക്ക് പുറമേ ആഢംബര നികുതി, കാർഷികാദായ നികുതി, മണിലെൻഡിംഗ് അപേക്ഷകൾ എന്നിവയ്ക്കും ഓൺലൈൻ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ജി.എസ്.ടി.

നടപ്പിലാക്കുന്നതിന് മുന്നോടിയായി നികുതി ഭരണ നിർവഹണത്തിൽ സുതാര്യത കൈവരുന്നതിലേക്കായി എല്ലാ വ്യാപാരികളുടെയും പാൻ നമ്പർ ശേഖരിച്ച് ഡാറ്റാ ബാങ്കിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

വിൽപന നികുതി നിയമം, മൂല്യവർദ്ധിത നികുതി നിയമം, ലക്ഷ്വറി ടാക്സ് നിയമം എന്നിവയുടെ കീഴിൽ തീർപ്പാക്കാൻ ബാക്കിയുള്ള അസസ്മെന്റുകൾ തീർപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ബി) മുൻ വർഷങ്ങളെ അപേക്ഷിച്ച് നികുതി പിരിവ് ഫലപ്രദമാക്കാൻ സാധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

ബി) സാധിച്ചിട്ടുണ്ട്. 2006-07 സാമ്പത്തിക വർഷം മുതൽ 2012-13 വർഷങ്ങളിലെ നികുതി പിരിവും വരുമാനത്തിലെ വർദ്ധനവും ചുവടെ ചേർക്കുന്നു.

| വർഷം | നികുതി പിരിവ് (കോടിയിൽ) | വർദ്ധന (ശതമാനത്തിൽ) |
|---|---|---|
| 2006-07 | 8686.82 | 24 |
| 2007-08 | 9685.34 | 11 |
| 2008-09 | 11571.42 | 19 |
| 2009-10 | 13200.19 | 14 |
| 2010-11 | 16155.93 | 22 |

| | | |
|---|---|---|
| 2011-12 | 19310.54 | 20 |
| 2012-13 | 22885.83 | 19 |

അയൽ സംസ്ഥാനങ്ങളുടെ നികുതി നിരക്കുകൾ കണക്കിലെടുത്തും ചരക്കുസേവന നികുതി നടപ്പിലാക്കുമ്പോൾ സംസ്ഥാനത്തിന്റെ വരുമാന താൽപര്യങ്ങൾ കണക്കിലെടുത്തും വാറ്റിന്റെ പൊതു നിരക്കുകളായ 4 ശതമാനം, 12.5 ശതമാനം എന്നിവ യഥാക്രമം 5 %, 13.5% എന്നിവയായി കഴിഞ്ഞ വർഷം വർദ്ധിപ്പിക്കുകയുണ്ടായി. ഈ സാമ്പത്തിക വർഷം 13.5 ശതമാനം നിരക്ക് 14.5 ശതമാനമായും ഉയർത്തിയിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പെട്രോൾ, ഡീസൽ വിലകൾ നിരവധി തവണ കൂടിയിട്ടുണ്ട്. പെട്രോളിന് 9 തവണയും ഡീസലിന് 7 തവണയും വില വർദ്ധനവുണ്ടായി. ഇതിൽ പെട്രോളിനെ സംബന്ധിച്ച് 4 തവണയും ഡീസലിനെ സംബന്ധിച്ച് 2 തവണയും സർക്കാർ നികുതി നിരക്ക് കുറച്ച് ഉത്തരവായി, വിലവർദ്ധനവിന്റെ ആഘാതത്തിൽ നിന്ന് ജനങ്ങൾക്ക് ആശ്വാസം പകർന്നു. വാർഷികമായി 968 കോടി രൂപയുടെ ഇളവാണ് ജനങ്ങൾക്ക് നൽകിയത്.

ഇതിനു പുറമേ രാസവളങ്ങൾ, പുളിങ്കുരു പൊടി, തേൻ, തേനീച്ചപ്പെട്ടി, ഇൻട്രാ ഓക്കുലർ ലെൻസ്, ഹാർട്ട് വാൽവ്, കാർഡിയാക് സ്റ്റെന്റ് എന്നിവയ്ക്ക് നികുതി ഒഴിവു നൽകി. അവശ്യ വസ്തുക്കളായ ഭക്ഷ്യ എണ്ണ, പയർ വർഗ്ഗങ്ങൾ, ധാന്യപ്പൊടികൾ, മൈദ, സൂജി, മുളക്, മല്ലി എന്നിവയുടെ നികുതി 4 ശതമാനത്തിൽ നിന്നും 1 ശതമാനമാക്കി കുറച്ചു.

മുൻ പറഞ്ഞ ഇളവുകൾ നൽകിയിട്ടും മുൻവർഷങ്ങളിലേക്കാൾ നികുതി പിരിവിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

മോട്ടോർ വാഹന വകുപ്പിൽ മുൻ വർഷങ്ങളെ അപേക്ഷിച്ച് നികുതി പിരിവ് ഫലപ്രദമായി നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ട്. 2011-12 സാമ്പത്തിക വർഷം വകുപ്പിന്റെ നികുതി വരുമാനം 1305,18,15,149 രൂപയായിരുന്നത് 2012-13-ൽ 1581,05,78,091 രൂപയായി ഉയർന്നു. ഏതാണ്ട് 21% വർദ്ധനയാണുണ്ടായത്.

2012-ലെ ഫൈനാൻസ് ബിൽ പ്രകാരം മോട്ടോർ കാറുകളുടേയും, സ്വകാര്യ ആവശ്യത്തിനുപയോഗിക്കുന്ന ഓമ്നി ബസുകളുടേയും ഒറ്റത്തവണ നികുതി വാഹനവിലയുടെ അടിസ്ഥാനത്തിൽ

ചുവടെ പറഞ്ഞിരിക്കുന്ന പ്രകാരം പല സ്ലാബുകളാക്കി നിജപ്പെടുത്തി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ വകുപ്പിലെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കുകയും, നികുതി പിരിവ് ഈ സംവിധാനം വഴി ശേഖരിക്കുകയും ചെയ്യുന്നു.

| | |
|---|---|
| സി) നികുതി വകുപ്പിൽ നൂതന സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായി എന്തെല്ലാം പരിഷ്കാരങ്ങളാണ് വരുത്തിയിട്ടുളളത്; വിശദാംശങ്ങൾ നൽകുമോ; | സി) വാണിജ്യ നികുതി വകുപ്പ് പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്. വ്യാപാരികൾക്ക് ഓഫീസിൽ വരാതെ തന്നെ എല്ലാ സേവനങ്ങളും ഓൺലൈൻ വഴി ലഭ്യമാണ്.<br><br>പുതിയ വ്യാപാരികൾക്ക്, ഓൺലൈൻ വഴി രജിസ്ട്രേഷൻ എടുക്കുന്നതിനും, റിട്ടേൺ ഫയൽ ചെയ്യാനും, നികുതി അടയ്ക്കുന്നതിനും ഉളള സംവിധാനം ഉണ്ട്. കൂടാതെ നികുതി ഇളവുകൾ ലഭിക്കേണ്ട ഫോമുകൾ ഓൺലൈൻവഴി ഡൗൺലോഡ് ചെയ്യാനുളള സംവിധാനവും നിലവിലുണ്ട്.<br><br>ചെക്ക്പോസ്റ്റ് വഴിയുളള ചരക്ക് ഗതാഗതം സുഗമമാക്കുന്നതിനു വേണ്ടി |

| | |
|---|---|
| | വാഹനം ചെക്ക്പോസ്റ്റിൽ വരുന്നതിനു മുൻപ് തന്നെ ഓൺലൈൻവഴി ചരക്കുവിവരങ്ങൾ സമർപ്പിച്ച് ഇ-ടോക്കൺ എടുക്കാനും പ്രസ്തുത ടോക്കൺ ചെക്ക്പോസ്റ്റിൽ കാണിച്ച് വേഗം ക്ളിയറൻസ് നേടാവുന്നതാണ്.<br><br>വ്യാപാരികൾക്ക് ഡിജിറ്റൽ സിഗ്നേച്ചർ ഉപയോഗിച്ച് റിട്ടേൺ ഫയൽചെയ്യാനും ഫോമുകൾ ഡൗൺലോഡ് ചെയ്യാനും സാധിക്കും.<br><br>നികുതി കുടിശ്ശിക ഇ-പേയ്മെന്റ് ചെയ്യാനുള്ള സംവിധാനവും ഉണ്ട്.<br><br>വ്യാപാരികൾക്ക് ആവശ്യമായ Liability Certificate, Sales Permit, exhibition Exchange മേളകൾക്കുള്ള Certificate എന്നിവ ഓൺലൈൻ സംവിധാനത്തിലൂടെ ലഭ്യമാണ്. വാണിജ്യ നികുതി ഉദ്യോഗസ്ഥർക്ക് വ്യാപാരികൾ സമർപ്പിച്ചിട്ടുള്ള റിട്ടേണുകൾ മറ്റു ചെക്ക്പോസ്റ്റു രേഖകൾ എന്നിവ കമ്പ്യൂട്ടർ വഴി കാണുന്നതിനും, അവ സ്ക്രൂട്ടിനി ചെയ്യുന്നതിനും സാധിക്കും.<br>ഇത് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് ഇടയാക്കിയിട്ടുണ്ട്. |
| ഡി) നികുതി സംബന്ധമായ | ഡി) കേരള മൂല്യ വർദ്ധിത നികുതി |

കേസുകളിൽ കാലവിളംബം കൂടാതെ തീർപ്പുകൽപ്പിക്കുന്നതിന് എന്തു സംവിധാനം ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ?

നിയമത്തിലെ അപ്പീലുകൾ വേഗം തീർപ്പാക്കുന്നതിനു വേണ്ടി പാലക്കാട് ആസ്ഥാനമായി ഒരു അഡീഷണൽ അപ്പലേറ്റ് ട്രിബ്യൂണൽ രൂപവത്കരിച്ചു. പ്രസ്തുത ബെഞ്ചിന്റെ അധികാര പരിധി കാസർകോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം, പാലക്കാട് എന്നീ റവന്യൂ ജില്ലകളിൻമേലാണ്. കൂടാതെ എറണാകുളം ആസ്ഥാനമായ അഡീഷണൽ അപ്പലേറ്റ് ട്രിബ്യൂണലിന്റെ അധികാര പരിധി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, പത്തനംതിട്ട, ഇടുക്കി, എറണാകുളം, തൃശ്ശൂർ എന്നീ റവന്യൂ ജില്ലകളായി ഭേദഗതി ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.